കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് 2012-13 - 'പകൽ വീടിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ' പദ്ധതിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

സ.ഉ.(സാധാ).3276/14/തസ്വഭവ                                    തീയതി, തിരുവനന്തപുരം, 11.12.2014

==========================================================================

പരാമർശം: ഗ്രാമവികസന കമ്മീഷണറുടെ 12.11.2014 ലെ 18904/ഡിപി4/14/സിആർഡി നമ്പർ കത്ത്.

## ഉത്തരവ്

പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ 2012-13 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമായ എസ്.ഒ.-14/13 "പകൽവീടിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ" എന്ന പദ്ധതിയിൽ സി.ഡി.പി.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി 76,600/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ടി പ്രോജക്ട് മുഖേന കുമ്പളം ഗ്രാമപഞ്ചായത്തിലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഇ.ആർ.179/12 രജിസ്റ്റർ നമ്പർ ഉള്ള ഹോമേജ് പകൽ വീടിന് ഫർണീച്ചർ വാങ്ങി നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത സ്ഥാപനം സർക്കാരിന്റേതല്ലെന്ന കാരണത്താൽ ലോക്കൽ ഫണ്ട് ആഡിറ്റ് ടി പദ്ധതിയിൽ ചെലവഴിച്ചിട്ടുള്ള തുക നിരാകരിച്ചിട്ടുള്ളതാണെന്നും ഗ്രാമവികസന കമ്മീഷണർ പരാമർശ പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സ്ഥാപനത്തിന്റെ ഗുണഭോക്താക്കളായിട്ടുള്ള 60 ഓളം വയോധികരാണ് ഈ ഫർണിച്ചർ ഉപയോഗിക്കുന്നത് എന്നതിനാലും ഫർണിച്ചർ ഈ സ്ഥാപനത്തിലെ ഗുണഭോക്താക്കളുടെ ആവശ്യത്തിനുമാത്രമേ ഉപയോഗിക്കൂ എന്നും പ്രസ്തുത ലക്ഷ്യം സാധിക്കാതെ വന്നാൽ ടി ഫർണിച്ചറുകൾ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിക്കൊള്ളാമെന്ന് സമ്മതപത്രം തന്നിട്ടുള്ളതിനാലും സർക്കാരിന്റെ ഫണ്ട് ഫലവത്തായിതന്നെയാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളതെന്നും അതിനാൽ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ എസ്.ഒ.-14/13 "പകൽവീടിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ" എന്ന 76,600/- രൂപയുടെ പദ്ധതിയ്ക്ക് സാധൂകരണം നൽകാവുന്നതാണെന്നും ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ പറഞ്ഞ നിബന്ധനകളുടെ അടിസ്ഥാനത്തിൽ പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ എസ്.ഒ.-14/13 "പകൽവീടിന്റെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ" എന്ന 76,600/-(എഴുപത്തി ആറായിരത്തി അറുനൂറ്) രൂപയുടെ പദ്ധതിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ഡോ.രാജൻ ഖോബ്രാഗഡെ ഐ.എ.എസ്.,
സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. സെക്രട്ടറി/പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത്, പള്ളുരുത്തി, എറണാകുളം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ